"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ 10-ാം ശമ്പള പരിഷ്കരണം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/SJD തീയതി,തിരുവനന്തപുരം, 15-01-2026

---

പരാമർശം:-

1. 22.10.2001-ലെ സ.ഉ(പി) നം.1208/2001/ധന സർക്കാർ ഉത്തരവ്
2. 14.01.2015-ലെ സ. ഉ. (എം.എസ്) നമ്പർ. 3/2015/സാ.നീ.വ സർക്കാർ ഉത്തരവ്
3. 20.01.2016-ലെ സ.ഉ (പി) നം. 7/2016/ധന സർക്കാർ ഉത്തരവ്
4. 26.02.2016-ലെ സ.ഉ(പി) നം.28/2016/ധന സർക്കാർ ഉത്തരവ്
5. 01.02.2016-ലെ സ. ഉ. (എം.എസ്) നമ്പർ. 11/2016/സാ.നീ.വ സർക്കാർ ഉത്തരവ്
6. 09.07.2019-ലെ സ.ഉ (പി) നം.81/2019/ധന സർക്കാർ ഉത്തരവ്
7. 17.12.2019-ലെ സ. ഉ. (എം.എസ്) നമ്പർ. 28/2019/സാ.നീ.വ സർക്കാർ ഉത്തരവ്
8 11.02.2021-ലെ സ.ഉ (പി) നം 29/2021/ധന സർക്കാർ ഉത്തരവ്
9. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.06.2024, 19.11.2024, 13.01.2025-ലെ 51/നിഷ്/2023/എച്ച്.ആർ/പേ റിവിഷൻ നമ്പർ കത്തുകൾ .

**ഉത്തരവ്**

കേരളസംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ 9-ാം ശമ്പള പരിഷ്കരണം സാമൂഹ്യനീതിവകുപ്പിനുകീഴിൽ ആക്കുളത്ത് പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് കൂടി ബാധമാക്കി കൊണ്ട് പരാമർശം 2, 5, 7 എന്നിവ പ്രകാരം മുൻപ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് കേരള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നിലവിൽ നടപ്പിലാക്കിയിട്ടുള്ള 10, 11 ശമ്പള പരിഷ്കരണങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)

എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത സ്ഥാപന എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിൽ പരാമർശം 9-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിലെ ജീവനക്കാർക്ക് പരാമർശം-3 സർക്കാർ ഉത്തരവ് പ്രകാരം, 01.07.2019 പ്രാബല്യത്തിൽ, ചുവടെ ചേർക്കുന്ന നിബന്ധനകളോടെ പത്താം ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No. | Name of Post | Sanctioned Strength | Existing Strength | Pre-Revised Scale as in 9th PR | Revised Scale for 10th PR | Remarks |
|---|---|---|---|---|---|---|
| ADMINISTRATION | | | | | | |
| 1 | Executive Director | 1 | 1 | 37400-67000+AGP | - | As per the decision of Government |
| 2 | Head of Research Projects | 1 | 1 | 29180-43640 | 55350-101400 | |
| 3 | Administrative Officer | 1 | 1 | 19240-34500 | 36600-79200 | |
| 4 | Finance Officer | 1 | 1 | - | - | By Deputation from Government) |
| 5 | Administrative Assistant | 2 | 2 | 16180-29180 | 30700-65400 | |
| 6 | Accounts Assistant | 1 | 1 | 16180-29180 | 30700-65400 | |
| 7 | Front Office Executive | 3 | 3 | 9940-16580 | 19000-43600 | |
| 8 | Assistant | 3 | 0 | 9940-16580 | 19000-43600 | |
| Early Intervention Programs (PRE SCHOOL) | | | | | | |
| 9 | HOD of Programmes | 1 | 1 | 19240-34500 | 36600-79200 | |
| 10 | Head (Pre School) | 1 | 0 | 19240-34500 | 36600-79200 | |
| 11 | Head of Programme Section | 4 | 4 | 19240-34500 | 36600-79200 | |
| 12 | Pre School Teacher Senior Grade | 8 | 1 | 19240-34500 | 36600-79200 | |
| 13 | Pre School Teacher Grade-I | 15 | 3 | 18740-33680 | 35700-75600 | |

| | | | | | | |
|---|---|---|---|---|---|---|
| 14 | Pre School Teacher Grade-II | 27 | 8 | 16980-31360 | 32300-68700 | |
| 15 | Pre School Teacher Grade-III | 6 | 6 | 14620-25280 | 27800-59400 | |
| **ASLP CLINICAL DIVISION** | | | | | | |
| 16 | Head of Department (Audiology & Speech) | 1 | 1 | 29180-43640 | 55350-101400 | |
| 17 | Audiologist Grade-I/SLP Grade -I | 7 | 7 | 22360-37940 | 42500-87000 | |
| 18 | Audiologist Grade-II/SLP Grade-II | 15 | 9 | 20740-36140 | 39500-83000 | |
| 19 | Record Room Assistant Grade -II | 3 | 0 | 13210-22360 | 25200-54000 | |
| **ASLP MEDICAL DIVISION** | | | | | | |
| 20 | ENT Specialist | 1 | 1 | 22360-37940 | 42500-87000 | |
| 21 | Neurologist | 1 | 1 | 22360-37940 | 42500-87000 | |
| 22 | Physiotherapist | 1 | 1 | 20740-36140 | 39500-83000 | |
| 23 | Occupational Therapist | 1 | 1 | 20740-36140 | 39500-83000 | |
| 24 | Nurse | 1 | 1 | 16980-31360 | 32300-68700 | |
| ASLP ACADEMIC DIVISION | | | | | | |
| 25 | HOD & Associate Dean | 1 | 0 | 46640-59840 | 89000-120000 | |
| 26 | Professor | 1 | 1 | 46640-59840 | 89000-120000 | |
| 27 | Reader | 1 | 0 | 36140-49740 | 68700-110400 | |
| 28 | Associate Professor | 1 | 1 | 46640-59840 | 77400-115200 | |
| 29 | Associate Professor | 1 | 0 | 29180-43640 | 55350-101400 | |
| 30 | Assistant Professor | 2 | 2 | 29180-43640 | 55350-101400 | |
| 31 | Senior Lecturer | 2 | 2 | 22360-37940 | 42500-87000 | |
| 32 | Lecturer | 4 | 4 | 22360-37940 | 42500-87000 | |
| 33 | Lecturer / Audiologist | 5 | 0 | 22360-37940 | 42500-87000 | |
| 34 | Speech Pathologist / Audiologist Grade-II | 10 | 0 | 20740-36140 | 39500-83000 | |
| **DEGREE (HI) PROGRAM** | | | | | | |
| 35 | Head Program & Associate Dean (HI) | 1 | 0 | 46640-59840 | 89000-120000 | |
| **COMPUTER SCIENCE DEPARTMENT** | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 36 | Associate Professor | 1 | 0 | 29180-43640 | 55350-101400 | |
| 37 | Assistant Professor | 1 | 1 | 29180-43640 | 55350-101400 | |
| 38 | Senior Lecturer/ Head Technol ogy | 3 | 2 | 20740-36140 | 39500-83000 | |
| 39 | Senior Software Engineer / Lecturer | 3 | 0 | 19240-34500 | 36600-79200 | |
| 40 | Lecturer | 4 | 2 | 19240-34500 | 36600-79200 | |
| SOFTWARE & IT DIVISION | | | | | | |
| 41 | Senior Software Engineer | 3 | 1 | 20740-36140 | 39500-83000 | |
| 42 | Software Engineer | 3 | 0 | 19240-34500 | 36600-79200 | |
| 43 | System Administrator | 1 | 0 | 19240-34500 | 36600-79200 | |
| 44 | Senior Graphic Artist | 2 | 1 | 13900-24040 | 26500-56700 | |
| 45 | Graphic Artist Grade-I | 2 | 1 | 9940-16580 | 19000-43600 | |
| 46 | Computer Lab Assistant | 6 | 2 | 9940-16580 | 19000-43600 | |
| FINE ARTS DEPARTMENT | | | | | | |
| 47 | Associate Professor | 1 | 0 | 29180-43640 | 55350-101400 | |
| 48 | Assistant Professor | 1 | 0 | 29180-43640 | 55350-101400 | |
| 49 | Senior Lecturer | 2 | 2 | 20740-36140 | 39500-83000 | |
| 50 | Lecturer | 4 | 3 | 19240-34500 | 36600-79200 | |
| COMMERCE DEPARTMENT | | | | | | |
| 51 | Associate Professor | 1 | 0 | 29180-43640 | 55350-101400 | |
| 52 | Assistant Professor | 1 | 0 | 29180-43640 | 55350-101400 | |
| 53 | Senior Lecturer | 2 | 2 | 20740-36140 | 39500-83000 | |
| 54 | Lecturer | 4 | 3 | 19240-34500 | 36600-79200 | |
| MACS/DEGREE PREPARATION DEPARTMENT | | | | | | |
| 55 | Assistant Professor | 1 | 0 | 29180-43640 | 55350-101400 | |
| 56 | Senior Lecturer | 2 | 2 | 20740-36140 | 39500-83000 | |
| 57 | Lecturer | 4 | 4 | 19240-34500 | 36600-79200 | |
| PSYCHOLOGY & SOCIAL WORK | | | | | | |
| 58 | Chief Psychologist/ Assistant Professor | 1 | 1 | 29180-43640 | 55350-101400 | |
| 59 | Senior Psychologist | 1 | 0 | 22360-37940 | 42500-87000 | |

| | | | | | | |
|---|---|---|---|---|---|---|
| | Grade-I/ Lecturer | | | | | |
| 60 | Psychologist Grade-II/Lecturer | 2 | 0 | 20740-36140 | 39500-83000 | |
| 61 | Clinical Psychologist / Lecturer | 4 | 3 | 19240-34500 | 36600-79200 | |
| 62 | Lecturer (Clinical Psychology) | 1 | 0 | 19240-34500 | 36600-79200 | |
| 63 | Social Worker Grade-I | 2 | 1 | 18740-33680 | 35700-75600 | |
| 64 | Social Worker Grade-II/Assistant | 3 | 3 | 16180-29180 | 30700-65400 | |
| **LIBRARY** | | | | | | |
| 65 | Librarian | 1 | 1 | 18740-33680 | 35700-75600 | |
| 66 | Assistant Librarian | 1 | 1 | 16980-31360 | 32300-68700 | |
| 67 | Assistant (Library) | 2 | 1 | 9940-16580 | 19000-43600 | |
| | **PHYSICAL EDUCATION** | | | | | |
| 68 | Physical Education Instructor | 1 | 1 | 16180-29180 | 30700-65400 | |
| **MISCELLANEOUS** | | | | | | |
| 69 | Hardware Engineer & Electronics Lecturer | 1 | 1 | 19240-34500 | 36600-79200 | |
| 70 | Technical Assistant | 2 | 1 | 9940-16580 | 19000-43600 | |
| 71 | Ear Mould Technician | 2 | 2 | 9940-16580 | 19000-43600 | |
| | | 211 | 107 | | | |

**<u>നിബന്ധനകൾ</u>**

1. മേൽ ശമ്പള പരിഷ്കരണം 01 07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019-ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ക്ഷാമബത്ത ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ ടി തീയതിയിൽ പത്താം ശമ്പള പരിഷ്കരണ സ്കെയിലിലെ ക്ഷാമബത്ത അനുവദിക്കേണ്ടതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 20.01.2016-ലെ സ.ഉ (പി) നം. 7/2016/ഫിൻ ഉത്തരവിലെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. വീട്ട് വാടക ബത്ത 20.01.2016-ലെ സ.ഉ (പി) നം. 7/2016/ഫിൻ ഉത്തരവിലെ ഖണ്ഡിക 14, 15 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. നിഷിലെ സ്ഥിരം ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.
5. നിഷിലെ സ്ഥിരം ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 16

പ്രകാരം സിറ്റി കോമ്പൻസേറ്ററി അലവൻസ് അനുവദിക്കാവുന്നതാണ്.

6. മുകളിൽ പറഞ്ഞിരിക്കുന്ന അലവൻസുകളൊഴികെ മറ്റൊരു അലവൻസും അനുവദനീയമല്ല.

7. ശമ്പള പരിഷ്കരണ കുടശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

8. നിഷിലെ സ്ഥിരം ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിച്ചിട്ടുള്ളപക്ഷം ആയത് ശമ്പള പരിഷ്കരണാനുകൂല്യങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

9. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20.01.2016-ലെ സ.ഉ (പി) നം. 7/2016/ഫിൻ ഉത്തരവിലെ അനക്സർ III-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

10. പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണം 20.01.2016-ലെ സ.ഉ (പി) നം. 7/2016/ഫിൻ ഉത്തരവിലെ അനക്സർ VI-ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം, കൺസോളിഡേറ്റഡ് പേ മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ഇ.പി.എഫ്. ലേയ്ക്കുള്ള തൊഴിലുടമ വിഹിതം പരമാവധി 15000 (Basic Pay + DA) രൂപയുടെ 12% മായി നിജപ്പെടുത്തുക.

15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

16. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും നിഷിലെ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

18. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ നിഷിൽ നടപ്പാക്കാൻ പാടില്ല.

19. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ22.10.2001 ലെ സ.ഉ(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

20. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത നിഷ് സ്വമേധയാ വഹിക്കേണ്ടതാണ്. ഇതിന് യാതൊരു സർക്കാർ സാമ്പത്തിക സഹായവും ഉണ്ടായിരിക്കുന്നതല്ല.

21. ഭാവിയിൽ ദിവസ വേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച്26.2.2016-ലെ

ജി.ഒ(പി) നം. 28/2016/ഫിൻ ഉത്തരവിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

22. നിഷിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ GO(P)No.28/2016/Fin തീയതി 26.02. 2016, GO(P)No.81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർ ക്ക് 11.02.2021-ലെ GO(P) No.29/2021/Fin ഉത്തരവിൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

23. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

24. നിഷിലെ സ്ഥിരം ജീവനക്കാരുടെ തസ്തികകളുടെ എണ്ണം നിജപ്പെടുത്തി കൊണ്ടുള്ള സർക്കാർ അംഗീകൃത സ്റ്റാഫ് പാറ്റേൺ അടിയന്തിരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സ്റ്റാഫ് പാറ്റേണിന് അനുസൃതമായി മാത്രമേ തുടർ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നിഷിലെ ജീവനക്കാർക്ക് അനുവദിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ് ), ആക്കുളം, ശ്രീകാര്യം പി. ഒ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം
സബ് ട്രഷറി ഓഫിസർ, സെക്രട്ടറിയേറ്റ് സബ്-ട്രഷറി, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫിസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ് ) വകുപ്പ്
പൊതുഭരണ(എസ് .സി) വകുപ്പ് ( ഇനം നം.3516)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ,
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ /ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 16-01-2026 10:44:51
സെക്ഷൻ ഓഫീസർ